**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കൊല്ലം ജില്ല – തിരുനല്ലൂർ കാവ്യോത്സവം - ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 1410/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 04/05/2017

---

പരാമർശം:- 1. തിരുനല്ലൂർ സ്മൃതികേന്ദ്രം സെക്രട്ടറിയുടെ 18.04.2017 ലെ കത്ത്.
2. സ.ഉ.(എം.എസ്)58/2006/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ തിരുനല്ലൂർ സ്മൃതികേന്ദ്രം സംഘടിപ്പിക്കുന്ന തിരുനല്ലൂർ കാവ്യോത്സവം 2017 മെയ് 1,2,3 തീയതികളിൽ നടക്കുന്നുവെന്നും നിരവധി സാംസ്കാരിക പരിപാടികളും സംവാദങ്ങളും കുട്ടികൾക്കു വേണ്ടിയുള്ള മത്സരങ്ങളും ചിത്ര-പുസ്തക-ചലച്ചിത്ര പ്രദർശനങ്ങളുമെല്ലാം ഉൾപ്പെട്ട പ്രസ്തുത പരിപാടിക്ക് കൊല്ലം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക സംഭാവന നൽകുന്നതിനുള്ള അനുമതി പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017 മെയ് 1,2,3 തീയതികളിൽ തിരുനല്ലൂർ സ്മൃതികേന്ദ്രം സംഘടിപ്പിക്കുന്ന തിരുനല്ലൂർ കാവ്യോത്സവം എന്ന പരിപാടിക്ക് കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 10000/- (പതിനായിരം) രൂപ വീതവും കൊല്ലം കോർപ്പറേഷൻ 25000/- (ഇരുപത്തി അയ്യായിരം) രൂപയും നഗരസഭകൾ 10000/- (പതിനായിരം) രൂപ വീതവും അവരവരുടെ കമ്മിറ്റി/ കൗൺസിൽ തീരുമാനത്തിനും പരാമർശം 2 ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി തനത് ഫണ്ടിൽ നിന്ന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരുനല്ലൂർ സ്മൃതികേന്ദ്രം സെക്രട്ടറി ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യ പത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി ജെ ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം. മുഖാന്തരം)
ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖാന്തരം)
സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ
സെക്രട്ടറി/ പ്രസിഡന്റ്, തിരുനല്ലൂർ സ്മൃതികേന്ദ്രം, കൊല്ലം - 691601
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.